പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.1067

30.11.2018 -ലെ മറുപടിയ്ക്ക്

## ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അനിൽ അക്കര | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേരള പ്ലാന്റേഷൻ ലേബർ ആക്ട് 1951 പ്രകാരം തോട്ടം തൊഴിലാളികൾക്ക് താമസസ്ഥലങ്ങളും, കെട്ടിടങ്ങളുടെ അറ്റകുറ്റപണികളും, ചികിത്സാ സൗകര്യങ്ങളും മറ്റും തോട്ടം ഉടമകൾ ഒരുക്കാതിരുന്നാൽ ആയത് ചെയ്തു കൊടുക്കുന്നതിന് ചുമതലപ്പെട്ട ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ 2005 മുതൽ എത്ര തോട്ടങ്ങളിൽ ഇത്തരം പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത ഇനത്തിൽ എത്ര തുക 2005 മുതൽ ചെലവാക്കിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ;<br><br>സി) എത്ര തോട്ടം ഉടമകളിൽ നിന്നും പ്രസ്തുത ഇനത്തിൽ ചെലവാക്കിയ തുക തിരിച്ചു പിടിച്ചിട്ടുണ്ടെന്നും തിരിച്ചു പിടിക്കാത്തവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും വിശദീകരിക്കുമോ? | (എ)യും (ബി)യും (സി)യും<br><br>പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ തോട്ടങ്ങളിൽ പരിശോധന നടത്തുകയും അവിടങ്ങളിലെ ലയങ്ങളുടെ അറ്റകുറ്റപ്പണികൾ പരിഹരിക്കാൻ തൊഴിലുടമകൾക്ക് രേഖാമൂലം നിർദ്ദേശം നൽകുകയും തുടർനടപടി സ്വീകരിച്ച് പോരായ്മകൾ പരിഹരിക്കുകയുമാണ് ചെയ്യുന്നത്. ആക്ടിൽ പറയുന്ന പ്രകാരമുള്ള മെഡിക്കൽ സൗകര്യങ്ങൾ തൊഴിലുടമ ഏർപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യങ്ങളിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർ മുമ്പാകെ തൊഴിലാളി അപേക്ഷ സമർപ്പിക്കുകയും ഇരുകൂട്ടരെയും കേൾക്കുകയും ചെയ്യാറുണ്ട്. തൊഴിലാളികൾക്ക് ചികിത്സാ ഇനത്തിൽ മറ്റേതെങ്കിലും ആശുപത്രികളിൽ തുക ചെലവാകുന്ന സാഹചര്യത്തിൽ പ്രസ്തുത തുക അനുവദിക്കുവാൻ പ്ലാന്റേഷൻ ഇൻസ്പെക്ടർ ഉത്തരവ് നൽകുകയും ഉത്തരവ് പാലിച്ചില്ലെങ്കിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയുമാണ് നിലവിൽ ചെയ്തു വരുന്നത്. 2005 മുതൽ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് തോട്ടങ്ങളിൽ നേരിട്ട് ലയങ്ങളുടെ അറ്റകുറ്റപ്പണികളോ/ നിർമ്മാണ പ്രവർത്തനങ്ങളോ, ചികിത്സാ സൗകര്യങ്ങളുമായി ബന്ധപ്പെട്ട തുടർനടപടികളോ കൈക്കൊണ്ടിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

Sreelej

സെക്ഷൻ ഓഫീസർ